GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

22nd September 2015

## വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം വീണ്ടും ഏർപ്പെടുത്തി

വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനും ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനുമുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഓൺലൈൻ സംവിധാനം ഇന്ന് വൈകുന്നേരം മുതൽ (സെപ്റ്റംബർ 23) വീണ്ടും പ്രവർത്തന സജ്ജമാകും. പേര് ഉൾപ്പെടുത്തുന്നതിനുള്ള ഫോറം നാല്, ഉൾക്കുറിപ്പിലെ വിശദാംശത്തിനെതിരെയുള്ള ആക്ഷേപത്തിനുള്ള ഫോറം ആറ്, ഉൾക്കുറിപ്പിന്റെ സ്ഥാനമാറ്റത്തിനുള്ള ഫോറം ഏഴ് എന്നീ ഓൺലൈൻ സൗകര്യങ്ങളാണ് പുന:സ്ഥാപിക്കുന്നത്. മുമ്പ് ഓൺലൈനിലൂടെയും അല്ലാതെയും ലഭിച്ച അപേക്ഷകളിന്മേൽ തുടർ നടപടികൾക്കായി താൽക്കാലികമായി നിർത്തിവച്ചിരുന്ന സംവിധാനമാണ് ഇപ്പോൾ പുന:സ്ഥാപിക്കുന്നത്. വോട്ടർ പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യുന്നതിനുള്ള എട്ടാം നമ്പർ ഫോറത്തിലെ അപേക്ഷകൾ പേരിട്ടോ, തപാലിലൂടെയോ വേണം ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടത്. ഇത്തരം അപേക്ഷകൾ ഒക്ടോബർ അഞ്ച് വരെ ബന്ധപ്പെട്ട ഓഫീസുകളിൽ സ്വീകരിയ്ക്കുന്നതാണ്. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിയ്ക്കുന്ന ഉത്തരവിന്മേലുള്ള അപ്പീലുകൾ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് (ജില്ലാ കളക്ടർ) ആണ് നൽകേണ്ടത്. അപ്പീൽ അപേക്ഷകളിന്മേൽ 10 രൂപയുടെ ഫീസ് നേരിട്ട് അടയ്ക്കുയോ, കോർട്ട് ഫീ സ്റ്റാമ്പ് മുഖേനയോ ഒടുക്കേണ്ടതുണ്ട്.

പ്രവാസി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷകളിലും സമയബന്ധിതമായ തുടർ നടപടികൾ സ്വീകരിയ്ക്കുന്നതിന് എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി രൂപീകരിച്ചതോ പുനസംഘടിപ്പിച്ചതോ ആയ തദ്ദേശഭരണ സ്ഥപാനങ്ങളിൽ വാർഡ് വിഭജനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ മേൽ സൂചിപ്പിച്ചിട്ടുള്ള സൗകര്യങ്ങൾ ലഭ്യമാകുകയുള്ളു. അത്തരം സ്ഥാപനങ്ങളിൽ അന്തിമ വോട്ടർ പട്ടിക പുനക്രമീകരണം നടത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം പിന്നാലെ പുറപ്പെടുവിക്കുന്നതാണെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങളിൽ പറയുന്നു.

*(എസ്.ഇ.സി. 49/2015)*

## പുതിയ വോട്ടർമാർക്ക് തിരിച്ചറിയൽ കാർഡ്

സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ ഫോട്ടോ പതിച്ച വോട്ടർപട്ടികയിൽ പുതുതായി പേർ ഉൾപ്പെടുത്തിയ വോട്ടർമാർക്ക് മാത്രമായി തിരിച്ചറിയൽ കാർഡ് നൽകുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. ബന്ധപ്പെട്ട വോട്ടർക്ക് നേരിട്ടോ രജിസ്റ്റേർഡ് തപാൽ മാർഗ്ഗമോ ലാമിനേറ്റ് ചെയ്ത തിരിച്ചറിയൽ കാർഡ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും കമ്മീഷൻ നിർദ്ദേശം നൽകി.

പുതുതായി രൂപീകരിച്ചതോ പുന:സംഘടിപ്പിക്കപ്പെട്ടതോ ആയ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വോട്ടർപട്ടികയുടെ ക്രമീകരണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുകയുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഇതിനാവശ്യമായ തുക വിനിയോഗിക്കാവുന്നതാണെന്നും കമ്മീഷൻ അറിയിച്ചു.

*(എസ്.ഇ.സി. 50/2015)*